02/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP No. 413(2)/2019/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നമ്പർ: 2070-G6/2019 )

## സന്നിഹിതൻ
## ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ശ്യാംകൃഷ്ണൻ. ടി,
മെക്കാനിക് II ഗ്രേഡ്,
കെ.എസ്.ആർ.ടി.സി, കണ്ണൂർ. } പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ ട്രാൻസ്പോർട്ട് ഓഫീസറുടെ കാര്യാലയം,
കെ.എസ്.ആർ.ടി.സി,
കണ്ണൂർ. } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 27/07/2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 26/08/2018 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 05/02/2019 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 11/02/2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05/11/2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 15/11/2019 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി :<br>സ്ഥലം : | 27/10/2021<br>ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാൾ, കണ്ണൂർ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. ശ്യാംകൃഷ്ണൻ. ടി, 05/02/2019 തീയതി സമർപ്പിച്ച പരാതി ഹർജി 11/02/2019 തീയതിയിൽ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 413(2)/2019/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി വിവരം നിഷേധിച്ചുകൊണ്ടുള്ള മറുപടിയാണ് ലഭ്യമാക്കിയത് എന്ന ആക്ഷേപമാണ്.

3. പരാതി ഹർജിക്കാരൻ 27/07/2018 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1. ടിയാൻ Psychiatric Permanent Disability Certificate ഉള്ള KSRTC Mechanic (25% (Mild) ആണെന്നും (Schizophrenia), ടിയാന്റെ Psychiatric corrective therapy treatment ചെയ്ത് വരികയാണെന്നും, ടി അസുഖത്തിന്റെ പേരിൽ ടിയാനെ ജനറൽ ട്രാൻസ്ഫർ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും വർക്ക് അറേഞ്ച്മെന്റ് ട്രാൻസ്ഫർ ജൂനിയോറിറ്റി ലിസ്റ്റിൽ നിന്നും കംപാഷനേറ്റ് ഗ്രൗണ്ടിൽ നിയമപരമായി ഒഴിവാക്കേണ്ടതല്ലേ എന്നും
2. ടിയാന്റെ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട് കംപാഷനേറ്റ് ഗ്രൗണ്ടിൽ ഒഴിവാക്കാൻ അപേക്ഷിച്ചാൽ കംപാഷനേറ്റ് ഗ്രൗണ്ടിൽ തന്നെ പ്രസ്തുത ട്രാൻസ്ഫർ ലിസ്റ്റിൽ നിന്നും ടിയാനെ ഒഴിവാക്കേണ്ടതല്ലെയെന്നും
3. ടിയാന്റെ സർവ്വീസ് ബുക്ക് ഡീറ്റേയിൽസ് മുഴുവനായി വിനയപൂർവ്വം ആവശ്യപ്പെടുന്നുവെന്നും (എത്ര എൺലീവ് എടുത്തുവെന്നും എത്ര ഹാഫ് പേ ലീവ് എടുത്തുവെന്നും എത്ര ഡിസെബിലിറ്റി ലീവ് എടുത്തുവെന്നും എത്ര ഡയസ്നോൺ എടുത്തുവെന്നും ശേഷിക്കുന്ന ഏൺഡ്‌ലീവ് എത്രയെന്നും ഹാഫ് പേ ലീവ് എത്രയെന്നും ഉൾപ്പെടെ)
4. കെ.എസ്.ആർ.ടി.സി-യിൽ പെർമ്മനെന്റ് മെക്കാനിക്കായ 25% സൈക്ക്യാട്രിക് പെർമ്മനെന്റ് ഡിസെബിലിറ്റി മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് (കണ്ണൂർ ജില്ലാ ആശുപത്രി) ഉള്ള ടിയാന് PWDS 2016, 2017 നിയമപ്രകാരമോ, മറ്റ് ഏതെങ്കിലും നിയമപ്രകാരമോ, താഴ്ന്ന കാറ്റഗറിയായ പകലിൽ മാത്രം ജോലിയുള്ള പ്യൂൺ, സ്റ്റോർ ഇഷ്യൂവർ തുടങ്ങിയ മറ്റൊരു കാറ്റഗറിയിലേയ്ക്ക് തസ്തികമാറ്റ നിയമപ്രകാരം മാറ്റം ലഭിക്കുമോ എന്നും (എ) അങ്ങനെയാണെങ്കിൽ ഇന്നത്തെ നിലവെച്ച് ടിയാന്റെ സർവ്വീസ് ബുക്ക് അനുസരിച്ച് എത്ര ബേസിക് ശമ്പളം കിട്ടുമെന്നും എത്ര ടോട്ടൽ ശമ്പളം കിട്ടുമെന്നും എത്ര വാർഷിക ഇൻക്രിമെന്റ് കിട്ടുമെന്നും

5. ടിയാന് ഭാവിയിൽ രോഗതീവ്രത 40% ഡിസെബിലിറ്റിയോ, അതിൽ അധികമോ ആയാൽ, PWDS ആക്റ്റ് 2016, 2017 അനുസരിച്ച് പകലിൽ മാത്രം ജോലിയുള്ള പ്യൂൺ സ്റ്റോർ ഇഷ്യൂവർ തുടങ്ങിയ മറ്റൊരു തസ്തികയിലേയ്ക്ക്, തസ്തിക മാത്രം നിയമ പ്രകാരം മാറ്റം ലഭിക്കുമോ എന്നും

(എ) അങ്ങനെയാണെങ്കിൽ മുകളിൽ പറഞ്ഞ പ്രസ്തുത നിയമപ്രകാരം (PWDS ആക്റ്റ് 2016, 2017) ടിയാന് ഇപ്പോൾ നിലവിലുള്ള മെക്കാനിക്ക് സെക്കന്റിന്റെ പെസ്കെയിൽ അല്ലേ സംരക്ഷിച്ചു തരേണ്ടതെന്നും മറ്റുമായി 24 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേലുള്ള മറുപടി 26/08/2018-ന് നൽകിയിട്ടുണ്ട്.

4. ഹർജിക്കാരൻ നൽകിയ 6(1) അപേക്ഷയും ആയതിന് നൽകിയ മറുപടിയും കമ്മീഷന് നൽകിയ റിപ്പോർട്ടിൽ ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നുമാണ് 15/11/2019-ൽ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും 15.11.2019 തീയതിയിലെ റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെ കമ്മീഷൻ നേരിൽ കേട്ടതിലും, ഹർജിക്കാരൻ അപേക്ഷയിൽ ആവശ്യപ്പെട്ട നൽകാൻ പറ്റുന്ന വിവരങ്ങൾ നൽകിയെന്നും, കൂടാതെ ടിയാന്റെ അപേക്ഷയിൽ പരാതി പരിഹാരം, സ്പഷ്ടീകരണം, കാരണം കാണിക്കൽ എന്നിവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരാത്തതിനാൽ ടി പരാതി ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം **2021 ഒക്ടോബർ 29-ാം തീയതി** കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV